# പതിമൂന്നാം കേരള നിയമസഭ
# പതിനാറാം സമ്മേളനം
# നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 31
# 08.02.2016 ലെ മറുപടിക്ക്

## ശമ്പളപരിഷ്കരണം

| ചോദ്യം. | | ഉത്തരം. |
|---|---|---|
| ശ്രീ.കെ.മുഹമ്മദുണ്ണി ഹാജി | | ശ്രീ. ഉമ്മൻ ചാണ്ടി, ബഹു. മുഖ്യമന്ത്രി |
| (എ) | സംസ്ഥാന ജീവനക്കാരുടെയും അദ്ധ്യാപകരുടെയും ശമ്പള പരിഷ്കരണം മൂലം സർക്കാരിനുണ്ടായ സാമ്പത്തിക ബാധ്യത എത്രയെന്ന് വിശദമാക്കുമോ; | സംസ്ഥാന ജീവനക്കാരുടെയും അദ്ധ്യാപകരുടെയും ശമ്പളവും പെൻഷനും പരിഷ്കരിച്ചതിലൂടെ സർക്കാരിനുണ്ടാകുന്ന അധിക സാമ്പത്തിക ബാധ്യത പ്രതിവർഷം ഏകദേശം 7222 കോടിയായി കണക്കാക്കിയിട്ടുണ്ട്. |
| (ബി) | ജീവനക്കാരുടെ വേതന വർദ്ധന വിനോടൊപ്പം അവർ ചെയ്യുന്ന സേവനങ്ങൾ തൃപ്തികരമായും വേഗത്തിലും ജനങ്ങൾക്ക് ലഭ്യമാകുവാൻ ശമ്പളകമ്മീഷൻ മുന്നോട്ടുവച്ച നിർദ്ദേശങ്ങൾ എന്തെല്ലാമെന്ന് വിശദമാക്കുമോ; | ജീവനക്കാർ ചെയ്യുന്ന സേവനങ്ങൾ തൃപ്തികരമായും വേഗത്തിലും ജനങ്ങൾക്കു ലഭ്യമാക്കുവാൻ ശമ്പളകമ്മീഷൻ മുന്നോട്ടു വച്ച ശിപാർശകൾ രണ്ടാംഘട്ട റിപ്പോർട്ടിൽ ലഭ്യമാണ്. (അനുബന്ധമായി ചേർത്തിരിക്കുന്നു) |
| (സി) | ഇവയിൽ ഏതെല്ലാം നടപ്പിലാക്കുവാൻ ഉദ്ദേശിക്കുന്നു എന്ന് വ്യക്തമാക്കുമോ? | പത്താം ശമ്പളകമ്മീഷന്റെ രണ്ടാംഘട്ട റിപ്പോർട്ട് പരിശോധിച്ച് നിർദ്ദേശങ്ങൾ സമർപ്പിക്കുന്നതിനായി 20/02/2016-ലെ സ.ഉ.(അച്ചടി)നം.7/2016/ധന- പ്രകാരം ചീഫ് സെക്രട്ടറി ചെയർമാനായും പ്രിൻസിപ്പൽ സെക്രട്ടറി (ധനകാര്യ എക്സ്പെന്റിച്ചർ) കൺവീനറായും അഡീഷണൽ ചീഫ് സെക്രട്ടറി |

| | | |
|---|---|---|
| | | (ആഭ്യന്തരം) അഡീഷണൽ ചീഫ് സെക്രട്ടറി (ധനകാര്യം), സെക്രട്ടറി (പൊതുഭരണ വകുപ്പ്), സെക്രട്ടറി (ഉദ്യോഗസ്ഥ ഭരണ പരിഷ്കാര വകുപ്പ്), ഡയറക്ടർ ജനറൽ(-ഐ.എം.ജി) എന്നിവർ അംഗങ്ങളായും ഉള്ള കമ്മിറ്റി രൂപീകരിച്ചിട്ടുണ്ട്. |

Manjusha

**അക്കൗണ്ട്സ് ഓഫീസർ**

അനുബന്ധം ലൈബ്രേറിയിൽ ലഭ്യമാണ്